**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 475** **22.07.2015 ന് മറുപടിയ്ക്ക്**

**വ്യാജമദ്യ -സ്പിരിറ്റ് കടത്ത്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.പി.കെ.ഗുരുദാസൻ<br>,, വി.ചെന്താമരാക്ഷൻ<br>,, കെ.കെ.നാരായണൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള വ്യാജമദ്യത്തിന്റെയും സ്പിരിറ്റിന്റെയും കടത്ത് വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വ്യാജമദ്യവും സ്പിരിറ്റും വ്യാപകമായി എത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര ഭരണ പ്രദേശമായ മാഹി, അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, ഗോവ തുടങ്ങിയ സ്ഥലങ്ങളിൽ മാത്രം വില്ക്കപ്പെടുവാനുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യം കേരളത്തിലേയ്ക്ക് കടത്തുന്നത് കണ്ടുപിടിച്ച് എക്സൈസ് വകുപ്പ് അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക്പോസ്റ്റ് വഴി സ്പിരിറ്റ് കടത്തുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചുവരുന്നത്. 2014 വർഷത്തിൽ വിവിധ അബ്കാരി കേസുകളിലായി എക്സൈസ് വകുപ്പ് 34433 ലിറ്റർ സ്പിരിറ്റ് പിടികൂടിയിട്ടുണ്ട്. 2015 വർഷത്തിൽ ജൂൺ മാസം വരെ വിവിധ അബ്കാരി കേസുകളിലായി എക്സൈസ് വകുപ്പ് 7011 ലിറ്റർ സ്പിരിറ്റ് പിടികൂടിയിട്ടുണ്ട്. |
| (ബി) | വ്യാജമദ്യത്തിന്റെ ആവശ്യക്കാർ സംസ്ഥാനത്ത് വർദ്ധിച്ചതിന് കാരണമെന്തെന്നറിയാമോ? | (ബി) | വ്യാജമദ്യത്തിന്റെ ആവശ്യക്കാർ സംസ്ഥാനത്ത് വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിലവിലുണ്ടായിരുന്ന 712 ബാർ ഹോട്ടലുകളും 52 കെ.എസ്.ബി.സി. ഔട്ട് ലെറ്റുകളും അടച്ചുപൂട്ടിയതുമൂലം മദ്യത്തിന്റെ ലഭ്യതയ്ക്ക് കുറവു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ അനധികൃത മദ്യവില്പന വർദ്ധിക്കുന്നതിനുള്ള സാഹചര്യം മുന്നിൽക്കണ്ട് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

Shaini.V

**സെക്ഷൻ ഓഫീസർ**